# മരിച്ച തൊഴിലാളിയുടെ പുത്രിക്ക് അനാഥ പെൻഷനു പുറമെ പുത്രീ പെൻഷൻ ലഭിക്കാൻ അവകാശമില്ല

## കേരള ഹൈക്കോടതി

W.P. (C) No. 26020/2019 Dt. 14.1.2020

എസ്. അഭിരാമി

x

എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് കമ്മീഷണർ

ഇ.പി.എഫ്. നിയമം ബാധകമായ, കളമശ്ശേരിയിലെ പ്രീമിയർ ടയേഴ്സ് ലിമിറ്റഡ് എന്ന സ്ഥാപനത്തിലെ തൊഴിലാളിയായിരുന്ന ഉമാശങ്കർ എന്നയാളുടെ അകാല നിര്യാണത്തെത്തുടർന്ന് അയാളുടെ വിധവയും അംഗവൈകല്യമുള്ള അഭിരാമി എന്ന മകളും നിരാലംബരായിത്തീർന്നു. തൊഴിലാളി മരിച്ച 2008 മുതൽ ഇ.പി.എഫ്. പെൻഷൻ പ്രദ്ധതിപ്രകാരം വിധവയ്ക്ക് പ്രതിമാസം 2051 രൂപ വിധവാ പെൻഷനായും മകൾക്ക് പ്രതിമാസം 513 രൂപ പുത്രീ പെൻഷനായും ലഭിച്ചു വന്നു. അപ്രകാരമിരിക്കെ വിധവ രണ്ടാമത് വിവാഹം ചെയ്തു. ഈ വിവരം അവർ ഇ.പി.എഫ്. ഒ.-യെ അറിയിച്ചില്ല. അതേ സമയം മകൾക്ക് അനാഥ പെൻഷൻ നല്കണമെന്ന് അവർ രേഖാമൂലം ആവശ്യപ്പെടുകയും ചെയ്തു. ഇത് ഇ.പി.എഫ്.ഒ. അവഗണിച്ചതിനെത്തുടർന്ന് അഭിരാമി ഹൈക്കോടതിയെ സമീപിച്ചു. തനിക്ക് അനാഥ പെൻഷനും പുത്രീ പെൻഷനും നല്കാൻ ഇ. പി.എഫ്.ഒ.-യോട് നിർദ്ദേശിക്കണമെന്നാണ് ഹർജിയിൽ ആവശ്യപ്പെട്ടത്. വിധവ രണ്ടാമത് വിവാഹം ചെയ്ത കാര്യം മറച്ച് വച്ച് വിധവ പെൻഷൻ വാങ്ങിയത് തെറ്റാണെന്ന് ഇ.പി.എഫ്.ഒ. ചൂണ്ടിക്കാട്ടി. തുടർന്ന്, അനർഹമായി കൈപ്പറ്റിയ 45,000 രൂപ മൂന്ന് മാസത്തിനുള്ളിൽ തിരിച്ചടയ്ക്കണമെന്ന് ഹർജിക്കാരിയുടെ മാതാവിനോട് നിർദ്ദേശിച്ച ഹൈക്കോടതി മകൾക്ക് അർഹമായ പെൻഷൻ നല്കണമെന്ന് ഉത്തരവിടുകയും ചെയ്തു. ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം പണം തിരിച്ചടച്ചതിനു ശേഷം മകൾ വീണ്ടും ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. തനിക്ക് അനാഥ പെൻഷനും പുത്രീ പെൻഷനും നല്കാൻ ഇ.പി.എഫ്.ഒ.-യോട് നിർദ്ദേശിക്കണമെന്നാണ് ഹർജിയിൽ ആവശ്യപ്പെട്ടത്. മരിച്ച തൊഴിലാളിയുടെ മകൾക്ക് ഒന്നുകിൽ അനാഥ പെൻഷൻ അല്ലെങ്കിൽ പുത്രീ പെൻഷൻ മാത്രമേ ലഭിക്കാൻ അർഹതയുള്ളൂവെന്നും രണ്ട് പെൻഷൻ വാങ്ങാൻ നിയമത്തിൽ വ്യവസ്ഥയില്ലെന്നും ഇ.പി.എഫ്.ഒ. ഹൈക്കോടതിയിൽ ബോധിപ്പിച്ചു. രണ്ട് പെൻഷനും ഒരേ സമയം ലഭിക്കാൻ നിയമത്തിൽ വ്യവസ്ഥയില്ലാത്തതിനാൽ അത് നല്കണമെന്ന് ഉത്തരവിടാനാവില്ലെന്നും നിയമത്തിൽ കാലോചിതമായ ഭേദഗതി കൊണ്ടുവരുന്ന കാര്യം നിയമനിർമ്മാണസഭ പരിഗണിക്കേണ്ടതാണെന്നും നിരീക്ഷിച്ച ഹൈക്കോടതി മകളുടെ റിട്ട് ഹർജി തള്ളിക്കളഞ്ഞു.